# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 15-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടിനൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ 30)

211. ജില്ലാ മാനസികാരോഗ്യ പദ്ധതി
212. പ്രവർത്തനം നിലച്ച കമ്പനികളുടെ ആസ്തി ഉപയോഗിച്ച് പുതിയ വ്യവസായം
213. ആശുപത്രി മാനേജ്മെന്റ് സമിതികൾ
214. മരുന്ന് മോഷണം
215. കരിങ്കൽ ക്വാറികൾ
216. ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം
217. ഉപഗ്രഹ നഗരം
218. നിരോധിത-വ്യാജ ഔഷധങ്ങളുടെ വില്പന
219. റിവർ മാനേജ്മെന്റ് ഫണ്ട്
220. കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ്
221. സർവ്വീസ് ബോട്ടുകളിലെ സുരക്ഷാ സംവിധാനം
222. സെന്റർ ഓഫ് എക്സലൻസ് പദവി
223. ദേശീയ വികലാംഗ പുനരധിവാസ പദ്ധതി
224. സിൽക്കിന്റെ സഹകരണത്തോടെയുള്ള റെയിൽവേ ബോഡി നിർമ്മാണം
225. ലോഹമണൽ സംസ്കരണം
226. ബസ്സുകളുടെ ബോഡി നിർമ്മാണം
227. പുതിയ വ്യവസായങ്ങൾ
228. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി
229. സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ
230. വെള്ളത്തിന്റെ ഗുണനിലവാരം
231. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം
232. ജലസേചന പദ്ധതികളുടെ പ്രവർത്തനത്തിൽ കർഷകർക്ക് പങ്കാളിത്തം
233. ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്താൻ നടപടി
234. സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ
235. കൊച്ചിയിൽ ഇലക്ട്രോണിക് വ്യവസായത്തിന് പ്രത്യേക സാമ്പത്തിക മേഖല
236. കെ.എസ്.ആർ.ടി.സി ഓപ്പറേഷൻ മേഖല കാര്യക്ഷമമാക്കൽ
237. യാത്ര ക്ലേശം പരിഹരിക്കാൻ നടപടി
238. വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി
239. കെ. എസ്. ആർ. ടി. സിയ്ക്ക് പുതിയ ബസ്സുകൾ
240. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

## ജില്ലാ മാനസികാരോഗ്യ പദ്ധതി

*211 ശ്രീ. കെ.അജിത്
" കെ.രാജു
" മാങ്കോട് രാധാകൃഷ്ണൻ
" പള്ളിപ്രം ബാലൻ
" രാജാജി മാത്യു തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) മാനസിക രോഗികളുടെ ചികിത്സാർത്ഥം ഏതെങ്കിലും പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അഞ്ചു വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ജില്ലാ മാനസികാരോഗ്യ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി നടപ്പാക്കിയിട്ട് എത്ര കാലം കഴിഞ്ഞു; ഈ പദ്ധതിക്കുവേണ്ടി ഇതുവരെ ലഭിച്ച കേന്ദ്രസഹായം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി നിറുത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. ദേശീയ മാനസികോരോഗ്യ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

1. ജില്ലാ മാനസികാരോഗ്യ പരിപാടി: തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, കണ്ണൂർ, വയനാട് എന്നീ 5 ജില്ലകളിൽ ആണ് ഈ പദ്ധതി അനുവദിച്ചിട്ടുള്ളത്.
2. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം: തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യകേന്ദ്രങ്ങളിൽ ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.
3. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മനോരോഗ ചികിത്സാ വിഭാഗങ്ങളുടെ വികസനം: തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിനു വേണ്ടിയുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലാ മാനസികാരോഗ്യ പരിപാടി 1999-ൽ ആരംഭിക്കുകയും 2004-ൽ അഞ്ച് വർഷം പൂർത്തീകരിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഈ പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു. തൃശ്ശൂർ ജില്ലാ മാനസികാരോഗ്യ പരിപാടി 2000-ൽ ആരംഭിക്കുകയും 2005-ൽ അഞ്ച് വർഷം പൂർത്തീകരിക്കുകയും ചെയ്തു. ഈ പദ്ധതിയും സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തുടർന്നു വരുന്നു. ഇടുക്കി, കണ്ണൂർ എന്നീ ജില്ലാ മാനസികാരോഗ്യ പരിപാടികൾ 2004-2005-ലാണ് അനുവദിച്ചത്. വയനാട് ജില്ലയ്ക്ക് വേണ്ടിയുള്ള പദ്ധതി 2006-ൽ അനുവദിച്ചു. ഓരോ ജില്ലാ മാനസികാരോഗ്യ പരിപാടിക്കും വേണ്ടി ലഭിച്ച തുക ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം -- 1,01,76,000/-
(ഒരു കോടി ഒരു ലക്ഷത്തി എഴുപത്തിഅയ്യായിരം രൂപ)
2. തൃശ്ശൂർ - 84,90,742/- (എൺപത്തിനാല് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി നാൽപത്തി രണ്ട്)
3. ഇടുക്കി, കണ്ണൂർ, വയനാട് - 26,20,000/- വീതം (ഇരുപത്തിയാറുലക്ഷത്തി ഇരുപതിനായിരം രൂപ) വീതം.

(സി) ഇല്ല. തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ മാനസികാരോഗ്യ പരിപാടികളുടെ കാലാവധി യഥാക്രമം 2004-ലും 2005-ലും അവസാനിച്ചുവെങ്കിലും സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ രണ്ട് പദ്ധികളും തുടർന്നു വരുന്നു.

## പ്രവർത്തനം നിലച്ച കമ്പനികളുടെ ആസ്തി ഉപയോഗിച്ച് പുതിയ വ്യവസായം

*212 ശ്രീ. എം. ചന്ദ്രൻ
,, രാജു എബ്രഹാം
,, ആനത്തലവട്ടം ആനന്ദൻ
,, എം.ജെ. ജേക്കബ്
,, പി.ടി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) പ്രവർത്തനം നിലച്ച പൊതുമേഖലാ കമ്പനികളുടെ ആസ്തി ഉപയോഗിച്ച് പുതിയ വ്യവസായം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രവർത്തനം നിലച്ചതോ നാമമാത്രമായി പ്രവർത്തിക്കുന്നതോ ആയ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്;

(സി) 'സ്കൂട്ടേഴ്സ് കേരള' പോലെയുള്ള പ്രവർത്തനം നിലച്ച സ്ഥാപനങ്ങളിൽ നിരവധി കെട്ടിടങ്ങളും ഭൂമിയും ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി സംസ്ഥാനത്തിന്റെ വ്യവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. Astral Watches Limited
2. Keltron Power Devices Limited
3. Keltron Rectifies Limited
4. Kerala Construction Components Limited
5. Kerala Soaps and Oils Limited
6. Kerala Special Refractories Limited
7. Kerala State Detergents & Chemicals Limited
8. Kerala State Salicylates & Chemicals Ltd.
9. Sidkel Televisions Limited
10. The Chalakudy Refractories Limited
11. The Mannam Sugar Mills Co-operative Limited
12. The Metropolitan Engineering Company Limited
13. Travancore Plywood Industries Limited
14. Trivandrum Spinning Mills
15. The Co-operative Sugars Limited, Chittur

(സി) ഉണ്ട്. സ്കൂട്ടേഴ്സ് കേരള ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വ്യസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികമുള്ള ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി, പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാദ്ധ്യത സർക്കാർ പരിഗണിച്ചു വരികയാണ്.

## ആശുപത്രി മാനേജ്മെന്റ് സമിതികൾ

*213 ശ്രീ. കെ. സുധാകരൻ
ശ്രീ. ടി. എൻ. പ്രതാപൻ
ശ്രീ. എം. മുരളി
ശ്രീ. എ. പി.അനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ ആശുപത്രികൾക്ക് ആശുപത്രി മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സമിതികളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും വരുമാനസ്രോതസുകളും എന്തെല്ലാമാണ് ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) 12.01.2007 ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 15/07/അകുവ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയും, കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥ കൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ആശുപത്രികൾക്ക് ആശുപത്രി മാനേജ്മെന്റ് സമിതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചട്ടങ്ങളനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങ ളാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടത്. ഇതു സംബന്ധിച്ച് തദ്ദേശഭരണ വകുപ്പ് വിശദമായ നിർദ്ദേശങ്ങളടങ്ങുന്ന പ്രത്യേക ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്.

(ബി) ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തിൻഡറെ മേൽനോട്ടം, അറ്റകുറ്റപ്പണി കൾ നടത്തുക, മരുന്നുകൾ വാങ്ങുക, രോഗികൾക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ കർത്തവ്യങ്ങളാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി കൾക്കുള്ളത്. ഇത് സംബന്ധിച്ച് തദ്ദേശഭരണ വകുപ്പ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രി മാനേജ്മെന്റ് സമിതികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാ ലോചിച്ച് പ്രത്യേകമായി തീരുമാനിക്കാവുന്നതാണ്. അതുവരെ ആശുപത്രി മാനേജ്മെന്റ് സമിതികൾക്ക് ആശുപത്രി വികസന സമിതികൾക്കുവേണ്ടി രൂപം കൊടുത്തിട്ടുള്ള നിലവിലുള്ള ചട്ടങ്ങൾ ബാധകമായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്

HDC കളുടെ ഫണ്ട് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്ക് കൈമാറുന്ന താണ്. കൂടാതെ കമ്മിറ്റികൾ രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ 5 ലക്ഷം രൂപ വീതം ജില്ലാ ആശുപത്രികൾക്കും ഒരു ലക്ഷം രൂപാവീതം മറ്റു ആശുപത്രികൾക്കും പ്രവർത്തനത്തിനുള്ള ധനസഹായം നൽകുന്നതാണ്.

## മരുന്ന് മോഷണം

*214 ശ്രീ. വി. സുരേന്ദ്രൻ പിള്ള
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ നിന്നും മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും കടത്തിക്കൊണ്ടുപോവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം സംഭവങ്ങളിൽ ആശുപത്രി ജീവനക്കാരുടെ പങ്ക് വ്യക്തമായിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) ആശുപത്രികളിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആശുപത്രികളിൽ നിന്നുള്ള ഇത്തരം മോഷണങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ മെഡിക്ക്ൽ കോളേജുകളിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ ആശുപത്രികളിൽ നിന്നും മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2005-ൽ മലപ്പുറം എടക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസർ ആയിരുന്ന ഡോ. നവീൻ ചന്ദ്രൻ ആശുപത്രിയിൽ നിന്ന് മരുന്ന് കടത്തിയത് കണ്ടുപിടിച്ച് വിജിലൻസ് കേസ് എടുക്കുകയും ഡോക്ടർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കേസിൽ മെഡിക്കൽ ഓഫീസർ മാത്രം ഉത്തരവാദിയാണെന്ന് കണ്ടെത്തുകയും ശിക്ഷണ നടപടിക്ക് വിധേയനാക്കുകയും ചെയ്തിട്ടുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ള ആശുപത്രികളിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാറുണ്ട്. എന്നാൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചില ആശുപത്രികളിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്റ്റോക്ക് രജിസ്റ്ററുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് സ്റ്റോക്ക് ഉറപ്പുവരുത്താറുണ്ട്. കൂടാതെ മരുന്നും മറ്റും മോഷണം നടത്തുന്നതായി തെളിയിക്കപ്പെടുന്ന ജീവനക്കാരെ മാതൃകാപരമായി ശിക്ഷിച്ച് ഇത്തരം മോഷണ പ്രവണത കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കരിങ്കൽ ക്വാറികൾ

*215 ശ്രീ. എം. കെ. പ്രേംനാഥ്
,, എം.വി. ശ്രേയാംസ് കുമാർ
,, കെ.. പി. മോഹനൻ
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായവകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന കരിങ്കൽ ക്വാറികൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ക്വാറികൾക്ക് ലൈസൻസ് നൽകുന്നത്;

(സി) പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കരിങ്കൽ ക്വാറികളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് കരിങ്കൽ ക്വാറികൾക്ക് അനുമതി നൽകുന്നത്.

(സി) പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കരിങ്കൽ ക്വാറികളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ ചട്ടങ്ങളും നിയമങ്ങളും ഇപ്പോൾ തന്നെ നിലവിലുണ്ട്.

## ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

*216 ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
,, വി.ശിവൻകുട്ടി
,, സി.എച്ച്.കുഞ്ഞമ്പു
,, അൽഫോൺസ് കണ്ണന്താനം
,, ബി.ഡി ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഇനി എത്ര പ്രസ്സുകളിൽ ആധുനികവൽക്കരണം നടത്താനുണ്ട്;

(സി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക പൂർണ്ണമായും ചെലവാക്കിയിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ അച്ചടി ജോലികൾ പൂർണ്ണമായും ഏറ്റെടുക്കാൻ കഴിയുംവിധം സർക്കാർ പ്രസ്സുകൾ സജ്ജീകരിക്കുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി പഴയ ലെറ്റർ പ്രസ്സുകൾ മാറ്റി ആധുനിക ഓട്ടോമാറ്റിക്ക് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനുകൾ സ്ഥാപിച്ചുവരുന്ന തോടൊപ്പം പഴയ കമ്പോസിംഗ് രീതി മാറ്റി ഡി. റ്റി. പി സംവിധാനം സ്ഥാപിച്ചു വരുന്നു. കൂടാതെ ആധുനിക ഓട്ടോമാറ്റിക്ക് കട്ടിംഗ് മെഷീൻ, ഓട്ടോമാറ്റിക്ക് ഫോൾഡിംഗ് മെഷീൻ, ബയന്റിംഗ് മെഷീൻ തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള പോസ്റ്റ് - പ്രിന്റിംഗ് സെക്ഷനുകളും സ്ഥാപിച്ചുവരുകയാണ്. ഇപ്രകാരം അച്ചടി വകുപ്പിന്റെ കീഴിലുള്ള മണ്ണന്തല, വാഴൂർ, വയനാട്, എറണാകുളം, ഷൊർണ്ണൂർ, കോഴിക്കോട്, കണ്ണൂർ എന്നിവടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സും ഭാഗികമായി നവീകരിച്ചു കഴിഞ്ഞു.

(ബി) തിരുവനന്തപുരം സെൻട്രൽ ജയിൽ പ്രസ്സിലും കൊല്ലം ജില്ലയിലെ പ്രസ്സിലും തിരുവനന്തപുരം സ്റ്റാമ്പ് മാനുഫാക്ടറി പ്രസ്സിലും ആധുനികവൽക്കരണം നടത്തുവാനുണ്ട്.

(സി) ആധുനികവൽക്കരണത്തിനായി 2005-2006 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2,25,00,000/- (രണ്ടു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) രൂപയിൽ 2,05,02,290/- രൂപ (രണ്ടു കോടി അഞ്ചു ലക്ഷത്തി രണ്ടായിരത്തി ഇരുന്നുറ്റി തൊണ്ണൂറ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ഡി) സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം ഭാഗികമായി പൂർത്തിയായിട്ടുള്ളതിനാൽ സർക്കാരിന്റെ അച്ചടി ജോലികളിൽ ഭൂരിഭാഗവും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കുവാൻ കഴിയുന്നുണ്ട്. സർക്കാർ പ്രസ്സുകളുടെ നവീകരണം പൂർത്തിയായാൽ സർക്കാരിന്റെ അച്ചടി ജോലികൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ ചെയ്യാവുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉപഗ്രഹ നഗരം

*217 ശ്രീ. ബാബുപോൾ
,, പി. തിലോത്തമൻ
,, വി. എസ്. സുനിൽകുമാർ
,, രാജാജി മാത്യു തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് മെഡിക്കൽ സിറ്റിയും ഐ.ടി.പാർക്കും ഉൾപ്പെടുന്ന ഉപഗ്രഹ നഗരം സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംരംഭത്തിനായി ഏതെല്ലാം രാജ്യങ്ങളുടെ സഹകരണം തേടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയ്ക്കായി ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് ഒരു ഉപഗ്രഹനഗരം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് രാജ്യത്തിനകത്തും പുറത്തുമുള്ള ഏജൻസികളുമായി ആശയവിനിമയം നടത്തിവരുന്നു.

(ബി) മലേഷ്യൻ സർക്കാരിന്റെ പങ്കാളിത്തമുള്ള ഒരു കമ്പനിയുമായി ഇതു സംബന്ധിച്ച് പ്രാരംഭചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി കോഴിക്കോട് ജില്ല്യിലെ കിനാലൂരിൽ KSIDC യുടെ കൈവശമുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററാണ് ഇപ്പോൾ പരിഗണനയിലുള്ളത്.

## നിരോധിത-വ്യാജ ഔഷധങ്ങളുടെ വില്പന

*218 പ്രൊഫ.എൻ.ജയരാജ്
ശ്രീ. സി.എഫ്.തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. കെ.എം.മാണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) നിരോധിച്ച ഔഷധങ്ങളും വ്യാജ ഔഷധങ്ങളും സംസ്ഥാനത്ത് പ്രചരിക്കുന്നത് തടയുവാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുളള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകൾ, വ്യാജ ഔഷധങ്ങൾ എന്നിവയുടെ പ്രചരണം തടയുന്നതിനായി എല്ലാ ജില്ലകളിലും ആവശ്യത്തിനുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. അവർ തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ എന്നിവ കൃത്യമായ കാലയളവുകളിൽ വിശദമായ പരിശോധന നടത്തുന്നു. നിരോധിക്കപ്പെടുന്ന മരുന്നുകളുടെ നോട്ടിഫിക്കേഷൻ, കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുമ്പോൾ നിശ്ചിത തീയതിക്ക് ശേഷം പ്രസ്തുത മരുന്നുകൾ സംസ്ഥാനത്ത് വില്പന നടത്തുന്നില്ലെന്ന് പരിശോധനയിലൂടെ ഉറപ്പു വരുത്തുന്നു. പരിശോധനയിൽ ഇത്തരത്തിലുള്ള ഏതെങ്കിലും മരുന്നുകൾ കണ്ടെത്തിയാൽ ഇവ വിതരണം ചെയ്ത മൊത്ത വില്പന ശാല പരിശോധിച്ച് അവിടെ നിന്നും വിതരണം ചെയ്ത ചില്ലറ വില്പനശാലകളുടെ വിവരങ്ങൾ ശേഖരിക്കുകയും തുടർ പരിശോധനകളിലൂടെ അവയുടെ തുടർന്നുള്ള വില്പനയും ഉപയോഗവും തടയുകയും ചെയ്യുന്നു. വ്യവസ്ഥകൾ ലംഘിക്കുന്ന വ്യാപാരിക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളുകയും നിശ്ചിത തീയതിക്കുശേഷം നിർമ്മിച്ച് വിതരണം ചെയ്തതായി കണ്ടെത്തിയാൽ പ്രസ്തുത കമ്പനിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

ഇതിനു പുറമേ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകളുടെ സാമ്പിളുകൾ ശേഖരിക്കുകയും ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ വ്യാജമരുന്നാണെന്ന് കണ്ടെത്തിയാൽ അവ നിർമ്മിച്ച് കമ്പനിക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) മേൽ വിവരിച്ച രീതിയിൽ സ്റ്റേറ്റ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് നിരോധിക്കപ്പെട്ടതും വ്യാജ നിർമ്മിതവുമായ മരുന്നുകളുടെ വില്പനയും വിതരണവും തടയുന്നതിനുള്ള സ്ഥിരം സംവിധാനങ്ങളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ട്

*219 ശ്രീ. സി. ടി. അഹമ്മദ് അലി
„ അബ്ദുറഹിമാൻ രണ്ടത്താണി
„ കെ. കുട്ടി അഹമ്മദ് കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റിവർമാനേജ്മെന്റ് ഫണ്ടിൽ ചെലവഴിക്കാത്തതായി ഇപ്പോൾ എന്ത് തുക ഉണ്ട്;

(ബി) പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാതെ പോയതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക ഏതെല്ലാം ജില്ലകളിൽ എന്തിനൊക്കെ വേണ്ടി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) റിവർമാനേജ്മെന്റ് ഫണ്ടിലേക്കുള്ള വരുമാനം നിരന്തരമായുള്ളതാണ്. ഇതിൽ നിന്നും അംഗീകൃത പദ്ധതികൾക്ക് തുക ഉപയുക്തമാക്കി വരുന്നുണ്ട്. ഇപ്പോൾ 63,49,48,280/- രൂപ (അറുപത്തിമൂന്ന് കോടി നാല്പത്തി ഒമ്പത് ലക്ഷത്തി നാല്പത്തി എട്ടായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) ഫണ്ടിൽ ലഭ്യമാണ്.

(ബി) നദീതീര സംരക്ഷണത്തിനായുള്ള വിവിധ പദ്ധതികൾ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. അവ ത്വരിത ഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതായിരിക്കും. പുതിയ പദ്ധതി നിർദ്ദേശങ്ങൾ ജില്ലാ വിദഗ്ധ സമിതിയുടെയും, സംസ്ഥാന ഉന്നതതല കമ്മിറ്റിയുടെയും അംഗീകാരത്തിനുശേഷം സർക്കാർ ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുക ചെലവഴിച്ച് പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്.

(സി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ ചട്ടം 22 (3)-ൽ നിഷ്ക്കർഷിക്കുന്ന പ്രകാരമാണ് റിവർ മാനേജുമെന്റ് ഫണ്ടുപയോഗിക്കുന്നത്. 7.3.2007-ൽ കൂടിയ റിവർ മാനേജുമെന്റ് സംബന്ധിച്ച ഹൈലെവൽ കമ്മിറ്റി, എല്ലാ ജില്ലാ കളക്ടർമാരും അതാത് ജില്ലകളിലെ നദികളുടെ സംരക്ഷണത്തിനും വികസനത്തിനും ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാനും ഭാരതപ്പുഴ, പെരിയാർ, പമ്പ എന്നീ പ്രധാന നദികൾ ഉൾപ്പെടുന്ന ജില്ലകളിലെ കളക്ടർമാർ പ്രസ്തുത നദികളുടെ സംരക്ഷണത്തിനായി കൺസൾട്ടൻസിന്റെ സഹായത്തോടുകൂടി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

## കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ്

*220 ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. വി. ജെ. തങ്കപ്പൻ
,, ആർ. സെൽവരാജ്
,, എം. പ്രകാശൻ മാസ്റ്റർ
,, സി. കെ. പി. പത്മനാഭൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ലഭിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പേരിൽ നടന്നുവന്ന വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) കൈത്തറി സംഘങ്ങൾക്ക് റിബേറ്റിനത്തിൽ എന്തു തുക കുടിശ്ശികയുണ്ട്;

(ഇ) ഇതു കൊടുത്തു തീർക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) 2006 ഓണം മുതൽ കൈത്തറി ഡയറക്ടർ അംഗീകരിച്ച വിൽപ്പന മേഖലകളിൽ പങ്കെടുക്കുന്ന സംഘങ്ങൾക്ക് പുറമേ നിലവിൽ സ്വന്തമായി അംഗീകൃത വിൽപ്പന ശാലകൾ ഉള്ള സംഘങ്ങൾക്കുകൂടി 20 ശതമാനം റിബേറ്റ് നൽകി വരുന്നുണ്ട്. ഇതിനുപുറമേ കേന്ദ്ര സർക്കാർ 2006-07 മുതൽ 2008-09 വരെ വർഷംതോറും 126 ദിവസം 10 ശതമാനം റിബേറ്റ് ഉൽസവകാലയളവുകളിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും റിബേറ്റ് വിൽപ്പന നടന്നു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ ഓണം, ദീപാവലി, ക്രിസ്തുമസ്സ് കാലയളവിലെ 10 ശതമാനം കേന്ദ്ര റിബേറ്റ് വൽപ്പനയിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്. ക്രമാതീതമായ ഉൽപ്പാദനവും നീതികരിക്കാൻ കഴിയാത്ത വിൽപ്പന വർദ്ധനവുമാണ് ചില സംഘങ്ങൾ ഈ കാലയളവിൽ നടത്തിയതായി കണ്ടെത്തിയത്. പ്രാഥമിക പരിശോധനയിൽ ക്രമവരുദ്ധമെന്ന് കണ്ടെത്തിയ 132 സംഘങ്ങളുടെ മേൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അന്വേഷണം നടത്തി വരികയാണ്.

(ഡി) ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഏകദേശം 8 കോടി രൂപ സംസ്ഥാന റിബേറ്റിനത്തിൽ കുടിശ്ശികയുണ്ട്.

(ഇ) 2006-07-ൽ ഇതിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ബാക്കി കുടുശ്ശികയും കൊടുത്തു തീർക്കുന്നതാണ്.

## സർവ്വീസ് ബോട്ടുകളിലെ സുരക്ഷാ സംവിധാനം

*221 ശ്രീ. കെ. കെ. ഷാജു
,, തോമസ് ചാണ്ടി
,, കെ. ബി. ഗണേഷ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാന വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിലുള്ള സർവ്വീസ് ബോട്ടുകൾ പലതും വളരെ കാലപ്പഴക്കം ചെന്നവയും അപകടം നിറഞ്ഞവയും ആണെന്ന പരാതിയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) യാത്രാക്ലേശം കൂടുതലായ റൂട്ടുകളിൽ കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സർവ്വീസ് ബോട്ടുകളിൽ കൂടുതൽ ലൈഫ് ജാക്കറ്റുകളും മറ്റ് സുരക്ഷാ സംവിധാന ങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) വകുപ്പിലെ കാലപ്പഴക്കം ചെന്ന ബോട്ടുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയ ബോട്ടുകൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) യാത്രാക്ലേശം പരിഹരിക്കുന്നതിനായി 8 പുതിയ ബോട്ടുകൾ വാങ്ങുന്നതിനും താൽക്കാലികമായി 10 ബോട്ടുകൾ വാടകയ്ക്ക് എടുത്ത് സർവ്വീസ് നടത്തുന്നതിനും ജലഗതാഗത വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

(സി) വകുപ്പിന്റെ കീഴിലെ ബോട്ടുകളിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

## സെന്റർ ഓഫ് എക്സലൻസ് പദവി

*222 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, വി. കെ. ഇബ്രാഹിംകുഞ്ഞ്
,, പി. കെ. അബ്ദുറബ്ബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് സെന്റർ ഓഫ് എക്സലൻസ് പദവിയിലേക്ക് ഉയർത്തിയിട്ടുള്ളത്;

(ബി) ഈ പദവി നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഏതെല്ലാം കോളേജുകളിൽ അതിനാവശ്യമായ സൗകര്യങ്ങളും സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അനുഷ്ഠിക്കേണ്ടതായ എന്തെല്ലാം കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതായി അവശേഷിക്കുന്നുണ്ട്;

(ഡി) അവ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) & (ബി) സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജിനേയും 'സെന്റർ ഓഫ് എക്സലൻസ്' പദവിയിലേയ്ക്ക് ഉയർത്തിയിട്ടില്ല. എന്നാൽ പ്രധാനമന്ത്രിയുടെ 'സ്വാസ്ഥ്യാ സുരക്ഷായോജന' പദ്ധതി പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 100 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി 20 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

(സി) & (ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 20 കോടി രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

15 കോടി രൂപ ചെലവിൽ ഔട്ട് പേഷ്യന്റ് ബ്ലോക്കിന്റെ നിർമ്മാണം, 3.8 കോടി രൂപ ചെലവിൽ അവിട്ടം തിരുനാൾ ആശുപത്രിയിൽ ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണം, 1.2 കോടി രൂപ ചെലവിൽ പുതിയ മോർച്ചറി ബ്ലോക്കിന്റെ നിർമ്മാണം. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 100 കോടി രൂപായിൽ 40 കോടി രൂപ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും, 50 കോടി രൂപ ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിനും ബാക്കി 10 കോടി രൂപ പദ്ധതി നടത്തിപ്പിനും മറ്റു അനുബന്ധ ചെലവുകൾക്കുമാണ് നീക്കിവച്ചിട്ടുള്ളത്.

## ദേശീയ വികലാംഗ പുനരധിവാസ പദ്ധതി

*223 ശ്രീ. എം. ജെ. ജേക്കബ്ബ്
,, പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ
,, സി.എച്ച്. കുഞ്ഞമ്പു
,, കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ദേശീയ വികലാംഗ പുനരധിവാസ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(സി) വികലാംഗരായി ജനിക്കുന്ന കുട്ടികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതിക്ക് കേന്ദ്ര സഹായമായി എന്ത് തുക ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വികലാംഗർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പരിപാടികൾ ആസൂത്രണം ചെയ്യുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ദേശീയ വികലാംഗ പുനരധിവാസ പദ്ധതി നടപ്പിലാക്കാൻ വേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കേർപ്പറേഷൻ സമർപ്പിച്ച പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സമ്പൂർണ്ണ വികലാംഗ പുനരധിവാസ പദ്ധതി ആദ്യഘട്ടത്തിൽ കേരളത്തിലെ കാസർഗോഡ്, പാലക്കാട്, കൊല്ലം എന്നീ ജില്ലകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിലായി നടപ്പാക്കുന്ന പദ്ധതിപ്രകാരം വികലാംഗർക്ക് ആവശ്യമായ പരിശീലനം, ചികിത്സ, സാമ്പത്തിക പുനരധിവാസം എന്നിവ ലക്ഷ്യമിടുന്നു.

(സി) ഈ പദ്ധതി വഴി ജനിക്കുമ്പോൾ തന്നെ വൈകല്യമുള്ളവരെ കണ്ടെത്തി അത്തരം കുട്ടികളുടെ ചികിത്സ, പുനരധിവാസ നടപടികൾ എന്നിവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. മാനസിക വൈകല്യമുള്ള കുട്ടികളുടെ സ്പെഷ്യൽ സ്കൂളുകൾ, തൊഴിലധിഷ്ഠിത പരിശീലനം, സാമ്പത്തിക സഹായം എന്നിവകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) 3 ജില്ലകളിൽ പദ്ധതി നടപ്പാക്കാൻ രണ്ട് കോടി അൻപത്തിയേഴ് ലക്ഷം രൂപ (2,57,00,000/) 2001, 2002 വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഇത്തരം പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ വികലാംഗർക്കായി തൊഴിൽ പരിശീലനം, സ്വയംതൊഴിൽ പദ്ധതികൾ, സ്വയംസഹായ സംഘ രൂപീകരണം എന്നിവയ്ക്കുവേണ്ടി സബ്സിഡിയോടുകൂടിയ ലോണുകൾ ലഭ്യമാകുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

## സിൽക്കിന്റെ സഹകരണത്തോടെയുള്ള റെയിൽവേ ബോഡി നിർമ്മാണം

*224 ശ്രീ. സി.കെ.സദാശിവൻ
" രാജു എബ്രഹാം
" കെ.വി.അബ്ദുൾ ഖാദർ
" എ.എം.ആരിഫ്
" സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്കുമായി സഹകരിച്ച് റെയിൽവേയ്ക്ക് ആവശ്യമുളള പാസഞ്ചർ കോച്ച് നിർമ്മിക്കുമെന്ന റെയിൽവെ ബഡ്ജറ്റിലെ പ്രഖ്യാപനം കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് എന്തുമാത്രം പ്രയോജനപ്രദമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) സിൽക്കിന്റെ ഏതെല്ലാം യൂണിറ്റുകളുമായി ചേർന്നാണ് റെയിൽവേ ബോഡി നിർമ്മാണം ആരംഭിക്കുന്നത്;

(സി) എത്ര ടൺ സ്റ്റീൽ കാസ്റ്റിംഗ്സ് ഉല്പാദിപ്പിക്കാനുളള ശേഷി ഓട്ടോ കാസ്റ്റിനുണ്ട്;

(ഡി) ഈ പദ്ധതി നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ഈ വർഷം സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പീഡിത പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സിൽക്കിന്റെ അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റിന്റെയും സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെയും അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 2007-08-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിമൂലം പീഡിത വ്യവസായ സ്ഥാപനങ്ങളായ സിൽക്ക്, ആട്ടോകാസ്റ്റ് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സാധിക്കും. കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ആലപ്പുഴ, എറണാകുളം മേഖലകളിൽ ധാരാളം അനുബന്ധ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്.

(ബി) സിൽക്കിന്റെ സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റും അനുബന്ധ സ്ഥാപനമായ ആട്ടോകാസ്റ്റും ചേർന്നാണ് റെയിൽവേ ബോഡി നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ആട്ടോകാസ്റ്റിന് 15000 MT GI കാസ്റ്റിംഗ്സും 5000 MT SGI കാസ്റ്റിംഗ്സും ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷിയാണുള്ളത്.

(ഡി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരളത്തിൽ റെയിൽവേ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കായി വിശദമായ നിർദ്ദേശങ്ങൾ തയ്യാറാക്കി റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും അതിന്മേൽ വിശദമായ ചർച്ചകൾ, മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവർ പ്രധാനമന്ത്രിയുമായും റെയിൽവേ മന്ത്രിയുമായും ചർച്ച നടത്തുകയുണ്ടായി. ഇതിനെ തുടർന്ന് റെയിൽവേ ബോർഡ് ഉദ്യോഗസ്ഥർ ആട്ടോകാസ്റ്റ് ലിമിറ്റഡ്, സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് എന്നിവ സന്ദർശിച്ചതിനുശേഷം ഈ പദ്ധതിയെ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുന്നതിനായി റെയിൽവേ കൺസൾട്ടൻസി സ്ഥാപനമായി RITES Ltd. (റെയിൽ ഇന്ത്യാ ടെക്നിക്കൽ ആന്റ് എക്കണോമിക് സർവീസസ് ലിമിറ്റഡ്)-നെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി റെയിൽവേ ബോർഡ് ഉദ്യോഗസ്ഥരുമായും വ്യവസായ വകുപ്പുതല ഉദ്യോഗസ്ഥരുമായും നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളും ഇതിനുവേണ്ടി ഔദ്യോഗിക തലത്തിൽ നിവേദനങ്ങൾ നൽകുകയും ഈ പദ്ധതിയുടെ അംഗീകാരത്തിനായി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

## ലോഹമണൽ സംസ്കരണം

*225 ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി
,, പി. കെ. അബ്ദുറബ്ബ്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോഹമണൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പൊതുമേഖലയിൽ വ്യവസായ സ്ഥാപനം തുടങ്ങുന്നതിന് ആലോചനയുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടത്തിയിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ഇപ്പോൾ ആലോചനയിൽ ഇല്ല

(ബി) ബാധകമല്ല

## ബസ്സുകളുടെ ബോഡി നിർമ്മാണം

*226 ശ്രീ.കെ.കെ. ദിവാകരൻ
„ വി. ചെന്താമരാക്ഷൻ
„ പി.കൃഷ്ണപ്രസാദ്
„ കെ.വി.കുഞ്ഞിരാമൻ
„ പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ബസ്സുകളുടെ ബോഡി നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ സൗകര്യമുണ്ടോ; എങ്കിൽ ഏതെല്ലാം വർക്കുഷോപ്പുകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നത് ഇപ്പോൾ എവിടെയാണ്; ഒരു ബസ്സിന്റെ ബോഡി നിർമ്മാണത്തിന് എന്തു തുകയാണ് ചെലവുവരുന്നത്;

(സി) മുൻ സർക്കാരിന്റെ കാലത്ത് ബസ്സുകളുടെ ബോഡി നിർമ്മാണം കെ.എസ്.ആർ.ടി.സി. വർക്കുഷോപ്പുകളെ ഏല്പിക്കാതെ സ്വകാര്യ കമ്പനികളെ ഏല്പിക്കാനുള്ള കാരണമെന്തായിരുന്നു;

(ഡി) സ്വകാര്യ കമ്പനികളെ ബോഡി നിർമ്മാണം ഏല്പിച്ചതുമൂലം ഓരോ ബസ്സിനും എന്തു തുക കൂടുതലായി ചെലവായി;

(ഇ) ബോഡി നിർമ്മാണം സ്വകാര്യ കമ്പനികളെ ഏല്പിച്ചതുമൂലം കഴിഞ്ഞ 5 വർഷ കാലയളവിൽ ബോർഡിന് എത്ര കോടി രൂപ നഷ്ടമുണ്ടായി ;

(എഫ്) ഇതിനു പിന്നിലെ അഴിമതി വെളിച്ചത്തു കൊണ്ടുവരാൻ ഒരു സമഗ്രാന്വേഷണം നടത്തുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സെൻട്രൽ വർക്ക്ഷോപ്പ്, പാപ്പനംകോട്, റീജിയണൽ വർക്ക്ഷോപ്പുകളായ മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിൽ സൗകര്യമുണ്ട്.

(ബി) ചേസ്സിസുകളൊന്നും വാങ്ങാത്തതിനാൽ ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ബോഡി നിർമ്മാണം നടക്കുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സൗകര്യം ഉപയോഗിച്ച് ബസ് ബോഡി നിർമ്മാണത്തിന് സാദ്ധ്യമല്ലായെന്ന 10.4.2003-ൽ അന്നത്തെ മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് ഘട്ടംഘട്ടമായി ടെണ്ടർ വിളിച്ച് ബസ് ബോഡി നിർമ്മാണം വിവിധ ഏജൻസികളെ ഏൽപ്പിക്കുകയാണുണ്ടായത്.

(ഡി) കോർപ്പറേഷന്റെ സൗകര്യം ഉപയോഗിച്ച് (6) ഹൈടെക് ബസ്സുകളാണ് പ്രസ്തുത കാലയളവിൽ ബോഡി ചെയ്തത്. ഇതിന് വന്ന ചെലവ് ഓവർ ഹെഡ് അടക്കം ശരാശരി 6,09,244 രൂപയാണ്. സാധാരണ ബസ് ഒന്ന് നിർമ്മിച്ചതിന് 4,49,945 രൂപ ഓവർഹെഡ് അടക്കം ചെലവായിട്ടുണ്ട്. ഹൈടെക് ബോഡി പുറമേ നിർമ്മിച്ചതിന് ശരാശരി 5,29,000 രൂപ ചെലവായിട്ടുണ്ട്. എന്നാൽ ഈ ബസ്സുകളുടെ ബോഡികൾ പെട്ടെന്നുതന്നെ ഓവർഹാൾ ചെയ്യേണ്ടി വന്നു. ഇതിന് ശരാശരി 1,50,000 രൂപ ചെലവായിട്ടുണ്ട്. കൂടുതൽ ബസ്സുകൾ കോർപ്പറേഷൻ വർക്ക്ഷോപ്പുകളിൽ നിർമ്മിക്കാത്തതിനാലും ഓവർഹെഡ് ചാർജ്ജ്, നിർമ്മാണം നടത്തിയ ഏഴ് (7) ബസുകളിൽ കൂട്ടിച്ചേർത്തതിനാലും പുറമേ നിർമ്മിച്ച ബസ്സുകൾക്കും, കെ.എസ്.ആർ.ടി.സി-യിൽ സ്വന്തമായി നിർമ്മിച്ച ബസ്സുകൾക്കും തമ്മിലുള്ള ചെലവിന്റെ അനുപാതം പ്രത്യേകിച്ചും പുറമേ നിന്നും ബോഡി ചെയ്യുന്ന ബസ്സുകൾ ഓവർഹാൾ ചെയ്യേണ്ടി വന്ന സാഹചര്യത്തിൽ കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

(ഇ) & (എഫ്) നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ സമഗ്രാന്വേഷണം നടത്തുന്നതാണ്.

## പുതിയ വ്യവസായങ്ങൾ

*227 ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. കെ.ടി. ജലീൽ
,, എം.എം. മോനായി
,, എസ്. രാജേന്ദ്രൻ
,, പി.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എത്ര വ്യവസായ സ്ഥാപനങ്ങൾക്കുള്ള എം.ഒ.യു. ഈ കാലയളവിൽ ഒപ്പിട്ടു;

(സി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു;

(ഡി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ചെറുകിയ വ്യവസായ മേഖലയിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് വിവിധ തരത്തിലുള്ള കർമ്മ പരിപാടികളിലാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. വിവിധ തലത്തിൽ പരിശീലനങ്ങൾ, സെമിനാറുകൾ, സംരംഭകത്വ വികസന പദ്ധതികൾ എന്നിവ നടപ്പാക്കുന്നുണ്ട്. കൂടാതെ, അതാതു പദ്ധതികളിൽ മാനദണ്ഡങ്ങൾക്കനുസൃതമായി പുതിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. മറ്റു വ്യവസായങ്ങൾ കൊണ്ടു വരുന്നതിനുവേണ്ടി ഇന്ത്യക്കകത്തും പുറത്തും റോഡ് ഷോകൾ നടത്തുവാനുള്ള പദ്ധതി ഉണ്ട്. ഇതിന്റെ മുന്നോടിയായി പ്രാദേശിക നിക്ഷേപകരെ ആകർഷിക്കാൻ കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയുണ്ടായി. ഇതിന്റെ ഫലമായി ഏകദേശം 2400 കോടി രൂപ മുതൽമുടക്കുള്ള 53 ധാരണാപത്രങ്ങൾ ഒപ്പിടുകയുണ്ടായി. ഇതുകൂടാതെ 318 കോടി രൂപ മൂലധനം വരുന്ന 27 പുതിയ പ്രോജക്ടുകളുടെ ധനസഹായത്തിന് കെ.എസ്.ഐ.ഡി.സി.-യെ സമീപിച്ചിട്ടുണ്ട്. വിവിധ വിദേശ എമ്പസികളെയും വിദേശ കമ്പനികളെയും ആകർഷിക്കാൻവേണ്ടി വിവിധം ശ്രമം നടന്നുവരുന്നു.

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എം.ഒ.യു. ബാധകമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശൂർ, കാസർഗോഡ് എന്നീ അഞ്ചു ജില്ലകളിൽ ജില്ലാതല വിക്ഷേപ സംഗമങ്ങൾ നടത്തുകയുണ്ടായി. ഈ സംഗമത്തിൽവച്ച് 53 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ട്.

(സി) ഇവയിൽ കണ്ണൂരിലൊപ്പിട്ട മരിയൻ അപ്പാരൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായി തൊഴിൽ പരിശീലനം ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതികളുടെ പുരോഗതി കെ.എസ്.ഐ.ഡി.സി.-യും കമ്പനിയും നിരന്തരം മോണിറ്റർ ചെയ്തു വരുന്നു. മലപ്പുറത്ത് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെ. ലീലാ ഗ്രൂപ്പിൻന്റെ അപ്പാരൽ പാർക്ക് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ചില പദ്ധതികൾക്കായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താനുള്ള ശ്രമത്തിലാണ്. മുറ്റുള്ളവ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം കാത്തിരിക്കുകയാണ്.

(ഡി) ധാരണാപത്രങ്ങളിൽ ഒപ്പുവച്ചവരുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

(അനുബന്ധം - I & II ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

## രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

*228 ശ്രീ. വി. ശശികുമാർ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ.സി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഗ്രാമ പഞ്ചായത്തുകളിൽ ജനപങ്കാളിത്തത്തോടെ കുടിവെള്ളം ലഭ്യമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ;

(സി) പദ്ധതിയിൻകീഴിൽ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) പദ്ധതിക്ക് കൂടുതൽ കേന്ദ്ര വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) രാജീവ് ഗാന്ധി ദേശീയ ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ വൻകിട പദ്ധതികൾ - 77
2. ടെക്നോളജി മിഷൻ പദ്ധതികൽ - 9
3. സുനാമി പുനരുദ്ധാരണ പദ്ധതി - 1

ചെറുകിട ജലവിതരണ പദ്ധതികൾ

1. എൻ.സി./പി.സി. പദ്ധതികൾ - 162
2. മിനി പദ്ധതികൾ - 3
3. വർഷ പദ്ധതികൾ - 2404 യുണിറ്റുകൾ
4. സ്വജലധാരാ പദ്ധതികൾ - 521

(ബി) ഉണ്ട്

(സി) രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട് ജലവിതരണ പദ്ധതിയുടെ വിപുലീകരണം, ആലത്തൂർ ജലവിതരണ പദ്ധതിയുടെ വിപുലീകരണം, കടമ്പനാട് ഗ്രാമീണ ജലവിതരണ പദ്ധതി, പത്തനാപും പിറവന്തൂർ ഗ്രാമീണ ജലവിതരണ പദ്ധതി എന്നീ നാല് വൻകിട പദ്ധതികൾക്കും 124 ചെറുകിട ജലവിതരണ പദ്ധതികൾക്കും പുതുതായി അനുമതി നൽകിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ

*229 ശ്രീ. എൻ.ശക്തൻ
,, സി.പി.മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ.ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാന ഉടമസ്ഥതയിലുള്ള ഏതെങ്കിലും പൊതുമേഖലാസ്ഥാപനങ്ങൾ വിൽക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം;

(സി) ഇവ വിൽക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ഇല്ല

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല

## വെള്ളത്തിന്റെ ഗുണനിലവാരം

*230 ശ്രീ. എ. പ്രദീപ് കുമാർ
,, സി.എം. ദിനേശ് മണി
,, കെ. വി. കുഞ്ഞിരാമൻ
,, പി. വിശ്വൻ
,, ബാബു എം പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന പൈപ്പ് വെള്ളത്തിൽ മാലിന്യങ്ങൾ കാണുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു;

(സി) പൈപ്പ് വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കാനുള്ള സംവിധാനമെന്താണ്; ലബോറട്ടറി സൗകര്യങ്ങൾ എവിടെയെല്ലാമാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മാസത്തിൽ എത്ര പ്രാവശ്യം കുടിവെള്ളം പരി ശോധനാ വിധേയമാക്കാറുണ്ട്;

(ഇ) പരിശോധനയുടെ കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരി ക്കാറുണ്ടോ;

(എഫ്) ഗുണ പരിശോധനാ സംവിധാനം നിലവിലില്ലാത്ത എത്ര ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) & (ബി) തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ വെണ്ണിയൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിൽ നിറവ്യത്യാസം കണ്ടതായും പുലയനാർകോട്ട തുറുവിക്കൽ ശിവശക്തിനഗർ പ്രദേശത്ത് കുടിവെള്ള സ്രോതസ്സിൽ മണ്ണെണ്ണ കലർന്നതായും പരാതി ലഭിച്ചിട്ടുണ്ട്.

രണ്ടു പ്രദേശങ്ങളിലും പരാതി ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ കുടിവെള്ള വിതരണം നിറുത്തി വയ്ക്കുകയും സാമ്പിളുകൾ ശേഖരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തു. മലിനജലം പൂർണ്ണമായും നീക്കം ചെയ്തതിനുശേഷം വീണ്ടും ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തി ജലവിതരണം പുന:സ്ഥാപിച്ചു.

എറണാകുളം ജില്ലയിൽ ആലുവ ജലശുദ്ധീകരണശാലയ്ക്കു സമീപമുള്ള പെരിയാർ നദിയിലെ ജലം 24.1.2007 മുതൽ കലങ്ങി വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. പെരിയാറിലെ വെള്ളത്തിന്റെ കലക്കൽ കുറയ്ക്കുവാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. ഓരോ മണിക്കൂറിലും ശുദ്ധീകരിക്കേണ്ട ജലത്തിന്റെ കലക്കലും മറ്റു അനുബന്ധ ഗുണങ്ങളും പരിശോധിച്ച് ശുദ്ധീകരണത്തിനാവശ്യമായ രാസവസ്തുക്കളുടെ അളവ് നിശ്ചയിക്കുകയും അവ കൃത്യമായ അളവിൽ ചേർക്കുന്നതിനാവശ്യമായ അധിക ജീവനക്കാരെ നിയോഗിക്കുകയും ചെയ്തു.
2. കലക്കലിന്റെ അളവ് കൂടുതലയാതിനാൽ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി കൂടുതൽ അളവിൽ രാസവസ്തുക്കൾ ഉപയോഗിച്ച് ജലശുദ്ധീകരണം നടത്തി.
3. ശുദ്ധീകരണശാലയിലെ ജലം അരിക്കുവാനുപയോഗിക്കുന്ന മണൽ കൂടുതൽ പ്രാവശ്യം ബാക്ക്വാഷ് ചെയ്ത് ശുദ്ധീകരണയോഗ്യമാക്കി.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനായി എല്ലാ ശുദ്ധീകരണശാലകളിലും ലബോറട്ടറികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ ലബോറട്ടറികളും അവയുടെ മേൽനോട്ടം വഹിക്കുന്നതിനായി ആറ് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ആഫീസുകളും നിലവിലുണ്ട്. ഈ സബ് ഡിവിഷൻ ആഫീസുകളുടെ മേൽനോട്ടം തിരുവനന്തപുരം, ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ നിർവ്വഹിക്കുന്നു.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധീകരണശാലകളിൽനിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള ലാബുകളിൽ ദിനംപ്രതി പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ശുദ്ധജലവിതരണ പദ്ധതികളിൽനിന്നും ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ വിവിധ പരിശോധനകൾക്ക് (ഭൗതികം, രാസികം, ജൈവികം) വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

കൂടാതെ ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം താഴെക്കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ച് ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകളിൽ സാമ്പിളുകൾ ശേഖരിച്ച് വിശദമായ പരിധോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

പട്ടിക

| ഗുണഭോക്താക്കളുടെ എണ്ണം | പരിശോധനാ കാലാവധി |
|---|---|
| ഒരു ലക്ഷത്തിൽ കൂടുതൽ | മാസത്തിലൊരിക്കൽ |
| 50000 മുതൽ 100000 വരെ | 2 മാസത്തിലൊരിക്കൽ |
| 20000 മുതൽ 50000 വരെ | 3 മാസത്തിലൊരിക്കൽ |
| 5000 മുതൽ 20000 വരെ | 6 മാസത്തിലൊരിക്കൽ |
| 5000 വരെ | വർഷത്തിലൊരിക്കൽ |

(ഇ) പരിശോധനയുടെ കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായ സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടില്ല

(എഫ്) ഗുണനിലവാര സംവിധാനം നിലവിലില്ലാത്ത പദ്ധതികളൊന്നും തന്നെയില്ല.

## നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം

*231 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ജെ. തങ്കപ്പൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. സി. കുഞ്ഞിരാമൻ
,, വി. എൻ. വാസവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം പദ്ധതികൾ ഇതിന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്;

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ഡി) പി.എച്ച്.സി. കളിൽ മരുന്നുകൾ ഉൾപ്പെടുന്ന ഡ്രഗ് കിറ്റുകൾ ലഭ്യമാക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) എല്ലാ ജില്ലകളിലും നാഷണൽ റൂറൽ ഹെൽത്ത് മിഷനുവേണ്ടി ഒരു ജില്ലാതല ആക്ഷൻ പ്ലാൻ രൂപീകരിക്കാനും ജില്ലാ പ്രോഗ്രാം സപ്പോർട്ട് യൂണിറ്റ് തുടങ്ങാനും നടപടി എടുത്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ നാഷണൽ റൂറൽ ഹെർത്ത് മിഷൻ നടപ്പാക്കുന്നതിനുവേണ്ടി സ്റ്റേറ്റ് പ്രോഗ്രാം സപ്പോർട്ട് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും മെച്ചപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും ജില്ലാതല പ്രോഗ്രാം മാനേജരെ നിയമിക്കാനും നടപടി സ്വീകരിച്ചു.

(ബി) റീ-പ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോഗ്രം (ജനന പ്രജനന ശൈശവ ആരോഗ്യപദ്ധതി), നാഷണൽ ഫാമിലി വെൽഫെയർ പ്രോഗ്രാം (ദേശീയ കുടുംബക്ഷേമ പദ്ധതി), ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം (രോഗപ്രതിരോധ പദ്ധതി), ഇന്റഗ്രേറ്റഡ് ഡീസീസ് സർവയലൻസ് പ്രോഗ്രം (സംയോജിത രോഗ പരിവേക്ഷണ പദ്ധതി), നാഷണൽ അയഡിൻ ഡെഫിഷ്യൻസി ഡിസോർഡർ കൺട്രോൾ പ്രോഗ്രാം, റിവൈസ്ഡ് നാഷണൽ ട്യൂബർക്യുലേസിസ് കൺട്രോൾ പ്രോഗ്രം (ദശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി), നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം (ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി), നാഷണൽ വെക്ടർ ബോൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം, നാഷണൽ ബ്ലൈൻഡ്നെസ്സ് കൺട്രോൾ പ്രോഗ്രാം (ദേശീയ അന്ധതാ നിവാരണ പദ്ധതി) മുതലായവ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ വരുന്നു.

(സി) കേരളത്തിലെ ആകെ 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കൊല്ലം ജില്ലയിലെ നെടുങ്ങോലം രാമറാവു ആശുപത്രിയുടെ വികസനത്തിനായി 40 ലക്ഷം രൂപ അനുവദിക്കുയും പൊതുമരാമത്തു വകുപ്പ് ഇതിന്റെ പണി തുടങ്ങുകയും ചെയ്തു. ബാക്കിയുള്ള 114 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് (ഐ.പി.എച്ച്.എസ്) തലത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ഓരോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റിറിനും ആദ്യ ഗഡുവായ 20 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിന്റെ 25 ശതമാനം തുക പൊതുമരാമത്ത് പണികൾക്കായി ഉപയോഗിക്കാൻ സാധിക്കും. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡുമായി പൊതുമരാമത്ത് പണികൾക്കായുള്ള കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു.

(ഡി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം കേരളത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ഡ്രഗ് കിറ്റ് ലഭ്യമാക്കാൻ കർണ്ണാടക ആന്റിബയോട്ടിക്സ് ലിമിറ്റഡ് എന്ന കേന്ദ്ര ഫാർമ പൊതുമേഖലാ സ്ഥാപനത്തിന് ഓഡർ നൽകിയിട്ടുണ്ട്. മരുന്നുകൾ മാർച്ചുമാസം തന്നെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ജലസേചന പദ്ധതികളുടെ പ്രവർത്തനത്തിൽ കർഷകർക്ക് പങ്കാളിത്തം

*232 ശ്രീ. എം. ഹംസ
,, സി. കെ. പി. പത്മനാഭൻ
,, പി. കൃഷ്ണപ്രസാദ്
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ജലസേചന പദ്ധതികളുടെ പ്രവർത്തനത്തിൽ കർഷകർക്ക് പങ്കാളിത്തം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഏതെങ്കിലും ജലസേചന പദ്ധതികളിൽ തൊഴിലാളികളുടെ പങ്കാളിത്തം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(സി) ഇതുമൂലം പ്രസ്തുത പദ്ധതികളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ഡി) കർഷകരെ ഏതെല്ലാം ചുമതലകളാണ് ഏൽപിക്കാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ജലസേചന പദ്ധതികളുടെ ഒറിജിനൽ പണികൾ കർഷക പങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നില്ല. എന്നാൽ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ നടത്തിപ്പിൽ കർഷകർക്ക് പങ്കാളിത്തം നൽകുന്നുണ്ട്. പദ്ധതി ഉപദേശക സമിതികൾ കർഷകരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് രൂപീകരിക്കുന്നത്. വിവിധ ജലസേചന പദ്ധതികളിൽ പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജുമെന്റ് പ്രോഗ്രാം മുഖേന ജലസേചന പദ്ധതികളിലെ കനാലുകളുടെ പ്രവർത്തനത്തിൽ കർഷകർക്ക് പങ്കാളിത്തം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. കാഡായുടെ കീഴിൽ നടപ്പാക്കുന്ന കേന്ദ്ര ഗവണ്മെന്റിന്റെ കമാന്റ് ഏരിയാ ഡെവലപ്മെന്റ് ആന്റ് വാട്ടർ മാനേജുമെന്റ് (സി.എ.ഡി.ഡബ്ല്യൂ.എം.) പ്രോഗ്രാം പ്രകാരം ജലസേചന പദ്ധതികളിൽ നടപ്പിലാക്കി വരുന്ന ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൽ തുടങ്ങിയവയും കർഷക പങ്കാളിത്തത്തോടുകൂടിയാണ് നടത്തുന്നത്.

(ബി) തൊഴിലാളികളുടെ പങ്കാളിത്തം ജലസേചന പദ്ധതികളിൽ നടപ്പിലാക്കുന്ന സ്കീമുകളിൽ ഇല്ല. കാഡായുടെ കീഴിൽ നാല് ജലസേചന പദ്ധതികൾ നടപ്പിലാക്കിവരുന്ന കേന്ദ്ര ഗവണ്മെന്റിന്റെ സി.എ.ഡി.ഡബ്ല്യൂ.എം. പ്രോഗ്രാമിന്റെ കമ്പോണന്റുകൾ കർഷക സംഘടനകളായ ബി.എഫ്.എ.-കൾ വഴിയാണ് നടപ്പിലാക്കി വരുന്നത്.

(സി) കാഡായുടെ കീഴിൽ കേന്ദ്ര ഗവണ്മെന്റിന്റെ സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാം വഴി നടപ്പിലാക്കി വരുന്ന ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ തുടങ്ങിയവയും അഡ്പാടീവ് ട്രയൽ ഡെമോൺസ്ട്രേഷൻ ട്രെയിനിംഗ് പ്രോഗ്രാം എന്നിവയും കർഷകർക്ക് വളരെ പ്രയോജനപ്രദമായ പ്രവർത്തികളാണ്. ഇത് കാരണം കാർഷിക അഭിവൃദ്ധിയുണ്ടായിട്ടുണ്ട്.

(ഡി) കാഡായുടെ കീഴിൽ കേന്ദ്ര ഗവണ്മെന്റിന്റെ സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാം പ്രകാരം 4.25 ക്യൂബെക്കിൾ താഴെ ജലവിതരണം സാധ്യമാകുന്ന കനാലുകൾ ഫീൽഡ് ചാനൽ തുടങ്ങിയവ വഴിയുള്ള ജലവിതരണത്തിന്റെയും ജലവിതരണ സംവിധാനങ്ങളുടെയും ഒ.എഫ്.ഡി. പണികളുടെയും മേൽനോട്ടം, അറ്റകുറ്റപ്പണികൾ എന്നീ ചുമതലകൾ എൽപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

*233 ശ്രീ. പി.ടി.എ. റഹിം
„ വി.എൻ.വാസവൻ
„ വി. ശിവൻകുട്ടി
„ എ.എം. ആരിഫ്
„ എ. സി. മൊയതീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ദേശീയ പാതയോടും എം.സി. റോഡിനോടും ചേർന്നുള്ള ജില്ലാ-താലൂക്ക് ആശുപത്രികളിൽ പുതുതായി ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനകം ഏതെങ്കിലും ജില്ല-താലൂക്ക് ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെന്നു വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റിന്റെ ഉദ്ഘാടനം ഉടനെതന്നെ നടത്തുന്നതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാ കെയർ ഭാഗികമായി പ്രവർത്തിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിലെ ട്രോമാ കെയർ യൂണിറ്റിനുള്ള കെട്ടിടത്തിന്റ നിർമ്മാണം നടന്നു വരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായം ലഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു ട്രോമാ കെയർ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) & (സി) ദേശീയ പാതയോടും എം.സി. റോഡിനോടും ചേർന്നുള്ള ജില്ലാ ആശുപത്രികളിൽ പുതിയതായി ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലും പാലക്കാട് ജില്ലാ ആശുപത്രിയിലുമായി 150 ലക്ഷം രൂപ വീതം കേന്ദ്ര സഹായത്തോടുകൂടി ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മാനന്തവാടി ജില്ലാ ആശുപത്രിക്ക് ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ

*234 ശ്രീ. വർക്കല കഹാർ
„ എം.എ.വാഹീദ്
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ
„ കെ.സി.വേണുഗോപാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് എത്ര സ്പിന്നിംഗ് മില്ലുകൾ പൂട്ടിക്കിടപ്പുണ്ട്; ഇവ പൂട്ടുവാനുള്ള കാരണങ്ങളെന്താണ്;

(ബി) പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകളിലെല്ലാം കൂടി എത്ര സ്പിൻഡിലുകൾ പ്രവർത്തനരഹിതമായി കിടക്കുന്നു;

(സി) ഈ സ്പിന്നിംഗ് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് എന്നു വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പുമന്ത്രി)**

(എ) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ബാലരാമപുരത്തെ തിരുവനന്തപുരം സ്പിന്നിംഗ് മിൽ മാത്രമാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയാണ് മിൽ പൂട്ടാനുള്ള കാരണം.

(ബി) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ 25,000 സ്പിന്റിലുകൾ പ്രവർത്തിക്കുന്നില്ല.

(സി) ബാലരാമപുരത്തെ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ സ്ഥലത്ത് 3 കോടി രൂപയുടെ ഒരു വ്യവസായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു. പുനരുദ്ധാരണ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതനുസരിച്ച് മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## **കൊച്ചിയിൽ ഇലക്ട്രോണിക് വ്യവസായത്തിന് പ്രത്യേക സാമ്പത്തിക മേഖല**

*235 ശ്രീ. കെ. സി. വേണുഗോപാൽ
പ്രൊഫ. കെ. വി. തോമസ്
ശ്രീ. കെ. ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഇലക്ട്രോണിക് വ്യവസായത്തിന് പ്രത്യേക സാമ്പത്തിക മേഖല അനുവദിച്ചിട്ടുണ്ടോ;

(ബി) ഇത് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതുനുവേണ്ടി എത്ര ഹെക്ടർ ഭൂമിയെടുക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ഭാവി വികസനം കൂടി കണക്കാക്കിയാണോ ഇതിന് സ്ഥലമെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) & (ബി) കൊച്ചിയിൽ കിൻഫ്രയുടെ ഹൈടെക്ക് പാർക്കിൽ ഇലക്ട്രോണിക്സ് അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള പാർക്കിൽ 30 ഏക്കർ സ്ഥലത്താണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) & (ഡി) ഇതിനുവേണ്ടി ഭൂമി പ്രത്യേകമായി ഏറ്റെടുക്കേണ്ട ആവശ്യമില്ല.

## കെ.എസ്.ആർ.ടി.സി ഓപ്പറേഷൻ മേഖല കാര്യക്ഷമമാക്കൽ

*236 ശ്രീ. എൻ. അനിരുദ്ധൻ
,, മാങ്കോട് രാധാകൃഷ്ണൻ
,, എ. കെ. ചന്ദ്രൻ
,, എൻ. രാജൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ ഓപ്പറേഷൻ മേഖല കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളെടുക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് എത്രമാത്രം കുറവുവന്നിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) ഷെഡ്യൂൾ പുനക്രമീകരണം മൂലം വരുമാന ചോർച്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു;

(ഡി) സംസ്ഥാനത്തു നടത്തിയിരുന്ന ചെയിൻ സർവ്വീസുകൾ ഇപ്പോൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) ഓപ്പറേഷൻ മേഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസംവിധാനം നൽകുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഷെഡ്യൂളുകളുടെയും, ട്രിപ്പുകളുടെയും പുനക്രമീകരണം നടത്തുന്നതിനും ഓരോ ജില്ലയിലേയും സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്കും മറ്റും മേൽനോട്ടം വഹിക്കുന്നതിലേക്ക് കോ-ഓർഡിനേറ്റിങ്ങ് ഓഫീസർമാരെ താൽക്കാലികമായി അധികാരപ്പെടുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം പുതിയ ആയിരം ബസ്സുകൾ നിരത്തിലിറക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ദേശീയ പാതയിൽ അനധികൃതമായി ഓടുന്ന പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി ചെയിൻ സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) 2007 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വരുമാനം 2006-ലെ ഇതേ കാലയളവിലേതുമായി താരതമ്യം ചെയ്തതിൽ യഥാക്രമം 1,14,34,335 രൂപയുടെയും 67,79,725 രൂപയുടെയും കുറവു വന്നിട്ടുണ്ട്. എന്നാൽ ആകെ ഓപ്പറേറ്റു ചെയ്ത കിലോമീറ്റർ യഥാക്രമം 21,21,060 ന്റെയും 17,96,469 ന്റെയും കുറവ് ഇതേ കാലയളവിലേതുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിട്ടുണ്ട്. കിലോമീറ്ററിന്റെ (EPKM) വരുമാനത്തിൽ, 2006-നെ അപേക്ഷിച്ച് 2007 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ യഥാക്രമം 89 പൈസയുടെയും 85 പൈസയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
ഹർത്താൽ, ബന്ദ്, വഴിതടയൽ മുതലായവ നിമിത്തം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പല ദിവസങ്ങളിലും സർവ്വീസ് ഓപ്പറേഷന് തടസ്സമുണ്ടായിട്ടുണ്ട്.

(സി) വരുമാന ചോർച്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ല.

(ഡി) ഉണ്ട്.

## യാത്ര ക്ലേശം പരിഹരിക്കാൻ നടപടി

*237 ശ്രീ. എ.കെ.ചന്ദ്രൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. ബാബുപോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) യാത്രാ ക്ലേശം വളരെ രൂക്ഷമായ ഇന്നത്തെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ ബസ് വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്പോൾ നടപ്പാക്കും;

(ബി) കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ ഷെഡ്യൂളുകൾ നിരന്തരം ക്യാൻസൽ ചെയ്യുന്നതു നിമിത്തം ജനങ്ങളുടെ യാത്രാക്ലേശം വർദ്ധിക്കുന്നതിനും കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം ഉണ്ടാകുന്നതിനും ഇടയാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തു പരിഹാരമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. 2007-2008 സാമ്പത്തിക വർഷം ഉദ്ദേശം 1,000 ബസ്സുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു.

(ബി) & (സി) സ്ഥിരമായി ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടില്ല. നഷ്ടത്തിൽ ഓടുന്ന സർവ്വീസുകളും, ട്രിപ്പുകളും പുനഃക്രമീകരിച്ച് യാത്രക്കാർക്കും കെ.എസ്. ആർ.ടി.സി.ക്കും പ്രയോജനകരമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## വ്യവസായ പാർക്ക് ആംഭിക്കാൻ നടപടി

*238 ശ്രീ. കെ. ബി. ഗണേഷ് കുമാർ
,, കെ. കെ. ഷാജു
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ **വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് ഓരോ പഞ്ചായത്തിലും ഓരോ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇങ്ങനെ ആരംഭിക്കുന്ന വ്യവസായ പാർക്കിലെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനത്തിലൂടെ പരമാവധി സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) പഞ്ചായത്ത് തലത്തിൽ വ്യവസായപാർക്ക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## കെ. എസ്. ആർ. ടി. സി.യ്ക്ക് പുതിയ ബസ്സുകൾ

*239 ശ്രീ. എം. മുരളി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യ്ക്കുവേണ്ടി പുതിയ ബസ്സുകൾ വാങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ബസ്സുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയുമോ;

(സി) ഇതിനുള്ള പണം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) & (ബി) ഉണ്ട് ഉദ്ദേശം ആയിരം ബസ്സുകൾ

(സി) ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയായി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

*240 ശ്രീ. മോൻസ് ജോസഫ്
,, വി. സുരേന്ദ്രൻ പിള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനത്തിലെ അപാകതകൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പി.എച്ച്.സി കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതും ഫലവത്തുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇവയുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പി.എച്ച്.സി കളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) പ്രസ്തുത നടപടികൾ ഫലവത്തായോ എന്ന് വിശദീകരിക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) വിലയിരുത്തൽ നടത്തിയിട്ടുണ്ട്. സെന്റർ ഫോർ ഇക്കണോമിക്സ് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ അഭാവം, സ്ഥിരം ഡോക്ടർമാരുടെ അസാന്നിദ്ധ്യം കൂടുതൽ രോഗികൾ എത്തുന്ന ആശുപത്രികളിൽ അധിക ഡോക്ടർമാരുടെ സേവനം, മറ്റ് സ്റ്റാഫിന്റെ കുറവ് പരിഹരിക്കൽ രോഗികളും സ്റ്റാഫും തമ്മിൽ നല്ല ബന്ധം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത, ഐ.പി. സംവിധാനം, ആവശ്യത്തിന് മരുന്ന് ലഭ്യമാക്കൽ കുടിവെള്ളം, ടോയ്‌ലറ്റ് എന്നീ അടിസ്ഥാന ഘടകങ്ങളുടെ ലഭ്യത എന്നിവ ഈ പഠന റിപ്പോർട്ടിൽ എടുത്തു പറയപ്പെടുന്നവയാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ, സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. 2012 ഓടെ സംപൂർണ്ണ ആരോഗ്യ പരിപാലനം ഉറപ്പു വരുത്തുന്നതിനായി എൻ.ആർ.എച്ച്.എം. പദ്ധതിയിലൂടെ വിവിധ നടപടികൾ നടന്നുവരുന്നു.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും എം.ബി.ബി.എസ് കഴിഞ്ഞുവരുന്ന ഡോക്ടർമാരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സ്നേഹിതൻ/സ്നേഹിത ഡോക്ടർമാരായി എല്ലാ ജില്ലകളിലുമായി 36 പേരെ ആറുമാസത്തേക്ക് നിയമിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്ത ഡോക്ടർമാരെ നിശ്ചിത കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശങ്ങളിൽ നിയമിക്കുന്നുണ്ട്.

(ഇ) ഇപ്പോൾ മിക്കവാറും എല്ലാ ആശുപത്രികളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.